പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4703 05/02/2014-ലെ മറുപടിക്ക്

ക്ഷീരകർഷകർക്ക് അപകടം സംഭവിച്ചാൽ ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീര സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള ക്ഷീരകർഷകർക്ക് അപകടങ്ങളും മറ്റ് അത്യാഹിതങ്ങളും സംഭവിച്ചാൽ ധനസഹായം നൽകാറുണ്ടോ ; വിശദാംശം നൽകാമോ ; | (എ) | ക്ഷീരസഹകരണസംഘങ്ങളിൽ അംഗങ്ങളായ ക്ഷേമനിധി അംഗത്വം നേടിയ ക്ഷീരകർഷകർക്കായി കേരളക്ഷീര കർഷക ക്ഷേമനിധി ബോർഡ് സർക്കാർ ധനസഹായത്തോടുകൂടി 2009-10 മുതൽ നടപ്പിലാക്കി വരുന്ന സമഗ്രസാമൂഹ്യസുരക്ഷാ പദ്ധതിയായ 'ക്ഷീര സുരക്ഷ' പ്രകാരം അപകടം, മാരകരോഗങ്ങൾ, പകർച്ചവ്യാധികൾ, പേവിഷബാധ, പാമ്പുകടി എന്നിവയ്ക്ക് ചികിത്സാധനസഹായം, അപകടമരണ ധനസഹായം എന്നിവ നടപ്പിലാക്കിവരുന്നു. |
| (ബി) | ഇത്തരത്തിൽ എത്ര കേസ്സുകൾ പരിഗണനയിലുണ്ട് ; | (ബി) | ക്ഷീരസുരക്ഷാപദ്ധതിപ്രകാരം വിവിധ ധനസഹായങ്ങൾ ലഭിക്കുന്നതിലേയ്ക്കായി 1870 അപേക്ഷകൾ ക്ഷേമനിധി ബോർഡിന്റെ പരിഗണനയിലുണ്ട്. |
| സി) | ഇവയിൽ എത്ര എണ്ണം തീർപ്പ കൽപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) | ക്ഷീരസുരക്ഷാപദ്ധതിപ്രകാരം ലഭിച്ച അപേക്ഷകളിൽ നാളിതുവരെ 1165 അപേക്ഷകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കേസ്സുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച നടപ്പിലാക്കുന്നത് ? | (ഡി | ക്ഷീരസുരക്ഷാപദ്ധതിപ്രകാരം അപകടമരണത്തിന് ധനസഹായമായി 50,000 രൂപയും, അപകടം, സ്ട്രോക്ക് എന്നിവ മൂലമുണ്ടാകുന്ന സ്ഥായിയായ അവശതയ്ക്ക് പരമാവധി 10,000 രൂപയും, മാരകരോഗങ്ങൾക്കുള്ള ചികിത്സാധനസഹായമായി പരമാവധി 15,000 രൂപയും പകർച്ചവ്യാധി, പശുപരിപാലനത്തിനിടയിൽ |

ക്ഷീരകർഷകർക്കുണ്ടാകുന്ന അസുഖങ്ങൾ, ശസ്ത്രക്രിയ ആവശ്യമില്ലാത്ത ഗുരുതരമായ പരിക്കുകൾ, പാമ്പുകടി, പേവിഷബാധ തുടങ്ങിയവയ്ക്ക് ധനസഹായമായി പരമാവധി 2,000 രൂപയും അനുവദിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ